എസ്.എസ്.ജി/31/2016-ടി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
വഴുതക്കാട്, തിരുവനന്തപുരം
തീയതി: 23.09.2016

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ/
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം: - മോട്ടോർ വാഹന വകുപ്പ് - ഓൺലൈൻ സേവനങ്ങളിലെ തെറ്റ് തിരുത്തലുകൾ - പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ഓഫീസുകളിൽ നൽകാതിരിക്കൽ - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

പല ഓഫീസുകളിലും ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളിലെ ചെറിയ തെറ്റുകൾ ചൂണ്ടിക്കാട്ടി പൊതുജനങ്ങൾക്ക് സേവനങ്ങൾ നിഷേധിക്കുന്നതായും തെറ്റുകൾ തിരുത്തിക്കിട്ടുന്നതിനു അപേക്ഷകരോട് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേയ്ക്ക് ബന്ധപ്പെടുവാനോ/നേരിട്ട് വരുവാനോ നിർദ്ദേശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് നീതിയുക്തമല്ലാത്ത രീതിയിൽ കഷ്ടപ്പാട് ഉണ്ടാക്കുകയും ഓഫീസുകളിൽ നിന്ന് സേവനങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ താത്കാലിക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വാഹന ഡീലർമാർ വരുത്തുന്ന ചെറിയ പിഴവുകൾ പോലും ശരിയാക്കി കിട്ടുന്നതിനു വേണ്ടി ഈ ഓഫീസിലേയ്ക്ക് അയച്ച് കാലതാമസം വരുത്തുന്നു. ഈ തെറ്റുകൾ വാഹനം രജിസ്റ്റർ ചെയ്യുവാൻ വരുമ്പോൾ ആവശ്യമുള്ള രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി ആർ.സി ബുക്ക് നൽകുമ്പോൾ സ്മാർട്ട് മൂവിൽ തിരുത്താവുന്നതാണ്. ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനായി ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാരും പാലിക്കേണ്ടതാണ്:-

## I. ഓൺലൈൻ സേവനങ്ങൾ/ഇ-പേയ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

1. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ തെറ്റായ ഓഫീസിലേയ്ക്കാണ് പണമടച്ചതെങ്കിൽ അപേക്ഷകൻ നേരിട്ടോ, ഫോൺ/ഇ-മെയിൽ മുഖാന്തിരമോ ആവശ്യപ്പെടുകയാണെങ്കിൽ ശരിയായ ഓഫീസിലേയ്ക്കോ/തെറ്റായി പേയ്മെന്റ് ചെയ്ത ഓഫീസുമായി ബന്ധപ്പെട്ടോ ഇ-പേയ്മെന്റ് ഓഫീസ് മാറ്റി കൊടുക്കേണ്ടതാണ്. സ്മാർട്ട് മൂവിലുള്ള e-pay transfer സംവിധാനം വഴി ഇത് നിർവ്വഹിക്കേണ്ടതും ആയതിന്റെ screenshot എസ്.എസ്.ജി സെല്ലിലേയ്ക്ക് ഇ-മെയിൽ വഴി (ssgcell@keralamvd.gov.in, ssgcell@gmail.com) അയച്ചുതരേണ്ടതുമാണ്.

യാതൊരു കാരണവശാലും ഇത്തരം ആവശ്യങ്ങൾക്ക് അപേക്ഷകരോട് നേരിട്ട് ട്രാൻസ്പോർട്ട് കമ്മീഷ്ണറേറ്റിലേയ്ക്കോ മറ്റ് ആർ.റ്റി./സബ് ആർ.റ്റി.ഓഫീസുകളിലേയ്ക്കോ ബന്ധപ്പെടുവാൻ നിർദ്ദേശം നൽകുവാൻ പാടില്ല.

2. ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ടുള്ള ബുദ്ധിമുട്ടുകൾ/പ്രശ്നങ്ങൾ എന്നിവയുമായി പൊതുജനങ്ങൾ ഓഫീസുകളിൽ ബന്ധപ്പെടുകയാണെങ്കിൽ ആയത് മനസ്സിലാക്കി അതാത് ഓഫീസുകളിൽ തന്നെ പരിഹാരം നല്കേണ്ടതാണ്. പരിഹാരം നൽകുവാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് ഓഫീസിലെ ജീവനക്കാരോ സി-ഡിറ്റിലെ എസ്.എ/എ.എസ്.എ മാരോ എസ്.എസ്.ജി സെല്ലുമായി ബന്ധപ്പെടേണ്ടതാണ്.

3. സാങ്കേതിക തകരാറുകൾ കാരണം വാഹന/ലൈസൻസ് ഉടമയ്ക്ക് ഓൺലൈനായി ഫീസ് അടയ്ക്കുവാനോ/അപേക്ഷ സമർപ്പിക്കുവാനോ സാധിക്കാത്ത പക്ഷം പ്രസ്തുത ഫീസ്/അപേക്ഷ നേരിട്ട് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്.

## II. താത്കാലിക ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട തിരുത്തലുകൾ

1. ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുവാനുള്ള അപേക്ഷകൾ താഴെ പറയുന്ന സാഹചര്യങ്ങളിൽ മാത്രമേ ഈ ഓഫീസിലേയ്ക്ക് അയ്ക്കുവാൻ പാടുള്ളൂ:-

a. യന്ത്രതകരാറുള്ള വാഹനം/അപകടത്തിലുൾപ്പെട്ട വാഹനം:- ഇത്തരം വാഹനങ്ങളുടെ തകരാർ പരിഹരിച്ചുവെന്നും ടി വാഹനങ്ങൾ ഗതാഗത യോഗ്യമാണെന്ന് മോട്ടോർ വാഹന ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന പക്ഷം ആർ.റ്റി.ഒ/ജോ.ആർ.റ്റി.ഒ മാർ ടി വാഹനത്തിന്റെ ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. യന്ത്രതകരാർ/അപകടത്തിൽപ്പെട്ട വാഹനങ്ങൾ തകരാർ പരിഹരിക്കാതെ മറ്റൊരാൾക്ക് വിൽക്കുവാൻ സാധ്യതയുള്ളതിനാൽ യാതൊരു കാരണവശാലും വാഹനം പരിശോധിക്കാതെ ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കുവാൻ പാടില്ല.

b. വാഹനത്തിന്റെ vehicle class, price, cubic capacity, rlw എന്നിവ തെറ്റായി ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ - ടി പറഞ്ഞ കാര്യങ്ങൾ വാഹനത്തിന്റെ നികുതി കണക്കുകൂട്ടുവാൻ ഉൾപ്പെടുത്തുന്നതിനാൽ ഡാറ്റാ ഷീറ്റിൽ മാറ്റുവാൻ സാധ്യമല്ല. ഒരിക്കൽ നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ ആ തുക അടച്ചാൽ മാത്രമേ ഇ-പേയ്മെന്റ് സഫലമാവുകയുള്ളൂ. ആയതിനാൽ ഇത്തരം സാഹചര്യങ്ങളിൽ ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ ആർ.റ്റി.ഒ/ ജോ.ആർ.റ്റി.ഒ മാർ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ ഈ ഓഫീസിലേയ്ക്ക് അയ്ക്കുവാൻ പാടുള്ളൂ. അപേക്ഷകനെ ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെ ഓഫീസിലേയ്ക്ക് വരുവാൻ നിർദ്ദേശിക്കാൻ പാടില്ലാത്തതാണ്.

c. വാഹനം തെറ്റായി മറ്റൊരാൾക്ക് നൽകിയിട്ടുണ്ടെങ്കിൽ:- ഇത്തരം സാഹചര്യങ്ങളിൽ ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാർ വാഹന ഡീലറേയും ഉടമസ്ഥരേയും നേരിട്ട് കേൾക്കുകയും അവരുടെ അപേക്ഷ ശരിയാണെന്ന് ബോധ്യമുള്ള പക്ഷം ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ ഈ ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതുമാണ്.

d. താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ള സാഹചര്യങ്ങളിൽ ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിന് issued date മുതൽ 7 ദിവസത്തിനകം ഡീലറുടെയും വാഹന ഉടമയുടെയും അപേക്ഷ അതാത് ഓഫീസുകളിൽ ലഭിച്ചാൽ മാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. 7 ദിവസം കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ഈ ഓഫീസിലേയ്ക്ക് അയ്ക്കുവാൻ പാടില്ല.

2. താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ യാതൊരു കാരണവശാലും തിരുത്തലുകൾ ചെയ്തുകൊടുക്കുന്നതല്ല. ഡാറ്റാ ഷീറ്റിൽ തെറ്റുണ്ടെങ്കിൽ വാഹന ഡീലർമാർ അത് പരിഹരിക്കുന്നതിന് ഉടൻ തന്നെ ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാരുമായി ബന്ധപ്പെടേണ്ടതാണ്. ഡാറ്റാ ഷീറ്റ് റദ്ദ് ചെയ്യുന്നതിനോ തിരുത്തുന്നതിനോ അപേക്ഷകൾ അയ്ക്കുമ്പോൾ സർക്കുലർ 20/2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

3. Dealer Login ൽ വാഹന ഡീലർമാർക്ക് വാഹനവുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ നൽകുവാനും അതിൽ തെറ്റുകളുണ്ടെങ്കിൽ data confirm ചെയ്യുന്നതിനു മുമ്പ് തിരുത്തുന്നതിനുള്ള സൗകര്യവും നേരത്തെ തന്നെ ഉള്ളതാണ്. എന്നാലും ചില ഡീലർമാരും ആവർത്തിച്ച് തെറ്റുകൾ വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കാരണം പൊതുജനങ്ങൾക്ക് അവരുടേതല്ലാത്ത കാരണങ്ങളാൽ വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാവുകയും സമയത്തിന് വാഹനം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെയും വരുന്നു. മാത്രമല്ല വകുപ്പിന് ഇത് ദുഷ്പേര് ഉണ്ടാക്കുകയും ചെയ്യുന്നു. ഡീലർമാർക്ക് തെറ്റുകൾ ഉണ്ടാവാതിരിക്കാനായി പുതിയതായി ഡാറ്റാ ഷീറ്റ് preview ചെയ്യുവാനും അത് print എടുത്ത് പരിശോധിച്ച് data confirm ചെയ്യുന്നതിനു മുമ്പ് തെറ്റുകൾ തിരുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

4. വാഹന ഉടമയുടെ ഫോട്ടോ/ഒപ്പ്/മറ്റ് രേഖകൾ എന്നിവ മാറിയിട്ടുണ്ടെന്ന് ഡീലർ അറിയിക്കുന്ന പക്ഷം ഇത്തരം അപേക്ഷകൾ ഓൺലൈൻ വഴി RETURN ചെയ്യേണ്ടതാണ്. വാഹന ഡീലർക്ക് ഇത്തരം അപേക്ഷകളിൽ ശരിയായ ഫോട്ടോ/ഒപ്പ്/മറ്റ് രേഖകൾ REUPLOAD ചെയ്യുവാനും അപേക്ഷ RESUBMIT ചെയ്യുവാനുമുള്ള സൗകര്യം പുതിയതായി Dealer Login ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ആവർത്തിച്ചു തെറ്റുകൾ വരുത്തുന്ന ഡീലർമാർക്കെതിരെ കർശന നടപടികളെടുക്കണമെന്ന് ഈ ഓഫീസിലെ സർക്കുലർ നം. 12/2016, 20/2016 പ്രകാരം എല്ലാ ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പലരും ഇത് പാലിക്കുന്നതായി കാണുന്നില്ല. Dealer Login ൽ വാഹനത്തിന്റെ വിവരങ്ങൾ നൽകുമ്പോൾ തെറ്റ് തിരുത്തുന്നതിനുള്ള എല്ലാ സൗകര്യവും നൽകിയിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ ഉള്ള പക്ഷവും ഡീലർമാർ വീണ്ടും തെറ്റുകൾ വരുത്തുകയാണെങ്കിൽ ഇവർക്കെതിരെ കർശന നടപടി എടുക്കാത്ത ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാർ തക്കതായ വിശദീകരണം നൽകേണ്ടതാണ്.

6. മേൽ സൂചിപ്പിച്ച വിവരങ്ങൾ എല്ലാ ആർ.ടി.ഒ/ജോ.ആർ.ടി.ഒ മാരും അവരുടെ കീഴിൽ വരുന്ന ഡീലർമാരെ അറിയിക്കേണ്ടതും ഡാറ്റാ ഷീറ്റിൽ ഇനി തെറ്റുകൾ വരുന്നില്ലായെന്ന് ഉറപ്പാക്കുവാൻ ഡീലർമാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ഓൺലൈൻ സേവനങ്ങൾ സംബന്ധമായി ഉണ്ടാകുന്ന സംശയങ്ങൾ ഓഫീസിലെ ജീവനക്കാർ എസ്.എസ്.ജി സെല്ലുമായി (മൊബൈൽ: 8547639097, ലാൻഡ്‌ലൈൻ: 0471-2328799) ബന്ധപ്പെട്ട് ദൂരീകരിക്കേണ്ടതാണ്. ആർ.ടി.ഒ/സബ് ആർ.ടി.ഒ കളിൽ സംശയം ദൂരീകരിക്കുവാനോ/പ്രശ്ന പരിഹാരത്തിനോ വരുന്ന പൊതുജനങ്ങളെ യാതൊരു കാരണവശാലും ഓഫീസുകളിൽ നിന്ന് മടക്കി അയ്ക്കുകയോ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെ/എസ്.എസ്.ജി സെല്ലിന്റെ നിർദ്ദേശം പ്രകാരമല്ലാതെ ട്രാൻസ്പോർട്ട് കമ്മീഷ്ണറേറ്റിൽ നേരിട്ട് ബന്ധപ്പെടുവാൻ പറയുകയോ ചെയ്യരുത്.

മേൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾക്കെതിരെ പ്രവർത്തിച്ചുവെന്ന് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രാൻസ്പോർട്ട് കമ്മീഷ്ണർ

പകർപ്പ് (അറിവിലേയ്ക്കായി) :-

1. ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെ സി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെ സി.എ, സീനിയർ ഡി.റ്റി.സി (ടാക്സ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ലോ ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ ഇടങ്ങിയവർക്ക്

2. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷ്ണർമാർക്കും

പുറത്തെഴുത്ത് നമ്പർ: ജി/1257/2016/ഇ ഒ തീയതി 25.10.16

മേൽ സൂചനപ്രകാരമുള്ള കത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് എല്ലാ ആർ.ടി.ഒ / ജോ. ആർ.ടി.ഒ മാരും ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

DEPUTY TRANSPORT COMMISSIONER
NORTH ZONE, KOZHIKODE

25/10/16